**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4642** **19-07-2022 - ൽ മറുപടിയ്ക്ക്**

**മാങ്ങാട്ടിടം സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതി പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ കണ്ടൻകുന്ന് വില്ലേജിലെ 6,7,8,9,10 വാർഡുകളിലേയ്ക്ക് ശുദ്ധജല വിതരണം നടത്തുന്നതിന് നാഷണൽ അർബൻ മിഷനിൽ 2018-19 ൽ 252 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘടകങ്ങളായ 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജല സംഭരണി, 1 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണി, പമ്പ് ഹൗസ്, 200 മി.മീ വ്യാസമുള്ള പമ്പിംഗ് മെയിൻ 1150 മീറ്റർ നീളം, 200 മി.മീ വ്യാസമുള്ള ഗ്രാവിറ്റി മെയിൻ 160 മീറ്റർ നീളം, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി 5.539 ലക്ഷം രൂപ കെ.എസ്.ഇ.ബി യിൽ ഒടുക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.<br><br>മേൽപ്പറഞ്ഞ വാർഡുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും 700 ഭവനങ്ങൾക്ക് കണക്ഷനുകൾ നല്കുന്നതിനുമുള്ള പദ്ധതി നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്നതിന് 2021-22 ൽ 1366.65 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ഇതിന്റെ കരാർ നല്കി പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. 2022 ഡിസംബറോടു കൂടി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ